


A LITTLE KITES ENDEAVOUR



H.S.S.ARIMPURUNIT

# H.S.S ARIMPUR

hsarimpur@gmail.com
0487 2310833

## School E-magazine 2018-2019



# പട്ടങ്ങൾ

# പട്ടങ്ങൾ

## HEADMISTRESS BEETTA VARGHESE.N




Invisible God's visible quality of creation has been wrapped as a piece of fire in the soul of each child. Right to oppurtunity is the only fuel to flame the talents. The team work is an advanced vision makes wonders happen here.

My hearty congratulations to all who are the part of this E-magazine

BEETTA VARGESE
(Headmistress)

# പട്ടങ്ങൾ

## LITTLE KITES MASTER SIJO K JOSEPH



# പട്ടങ്ങൾ


## LITTLE KITES MISTRESS PRABITHA P.P



# പട്ടങ്ങൾ

## HI-TECH BUILDING&CLASS ROOM





# പട്ടങ്ങൾ

## HIGHER SECONDARY SCHOOL ARIMPUR STAFF PHOTO 2019

## WITH OUR MANAGER
## Rev.Fr.FRANCO KAVALAKATT



SINCERE THANKS TO OUR
MANAGER
FOR PROVIDING HITECH BUILDING

# പട്ടങ്ങൾ

*InteractiveSmartClass RoomInaugurationbyRespected*




*MLA*

Sri MURALI PERUNELLI

# പട്ടങ്ങൾ

# HITECH BUILDING INAUGRATION



# INAUGURATED BY HONOURABLE

# MINISTER Sri.V.S.SUNILKUMAR

# പട്ടങ്ങൾ

## SHINING STARS




## CONGRATULATIONS TO ALL

# മാതൃസ്നേഹം

അമ്മിഞ്ഞപ്പാലിൻ മാധുര്യം നുകർന്നൊരു
കുഞ്ഞായ് നാം വളർന്നകാലം
പെറ്റമയെന്നൊരുവാക്കിലൂടെന്നില്ലെ
പൂവായ് പൊഴിക്കും വസന്തക്കാലം....
ആരോടുമില്ലവഴക്കൊന്നുപുഞ്ചിരിച്ചാരോടും-
കൂടെ നടന്നക്കാലം നിഷ്കളമാം നാം വളർന്നും
കളിച്ചും എത്രയോ വേഗം പോയ്
"ഭൂതക്കാലം"......
അമ്മതൻ നെഞ്ചോടുചേന്നുകിടക്കുന്ന
കുഞ്ഞിനാഹ്ലാദവും കണ്ടുനിൽക്കേ കുഞ്ഞി-
കവിളുകൾ മൃദുലമാം ചുണ്ടുകൾഎത്രയോ
വേഗം പോയ്മറഞ്ഞു....
മാവേലിനാടുവാണിടും കാലംപാടി
പൂക്കൾപറിച്ചു നടന്നക്കാലം.....
അമ്മതൻ നെഞ്ചോടു ചേർന്നു കളിക്ക-
വേ കുഞ്ഞികൈകാലുകൾ താളം പിടിച്ചു-
കൊണ്ടാനന്ദത്തിൽമുഴുകവേ.....
അമ്മയാം എന്നുടെ ജീവമാതാ.....
അമ്മയാം എന്നുടെ ജീവരക്തവും....
അമ്മയാം എന്നുടെ ലോകമാത....

Adithya T.S

# പട്ടങ്ങൾ

## കേരളത്തെ വിഴുങ്ങിയ പ്രളയ കടൽ

2018 ഓഗസ്റ്റ്മാസം കേരള ജനത അത്തപൂക്കളങ്ങൾ ഒരുക്കി പൊന്നു തമ്പുരാൻ മാവേലിയെ വരവേൽക്കാൻ വീടുകളിൽ  തയ്യാറെടുപ്പ് എടുത്ത് ആഘോഷനിറവിൽ ഇരിക്കുന്ന നാളുകൾ

മാർക്കറ്റുകളും ,വ്യാപാരകടകളുമെല്ലാം ഓണത്തിന്റെ നിറവിലേയ്ക്ക് വേണ്ടി കച്ചവടത്തിനായി സാധനങ്ങൾ എല്ലാം ഒരുക്കി വ്യാപാരം കൊഴുപ്പിക്കാനും. ഈ ഒരുക്കങ്ങളെയെല്ലാം തല്ലികെടുത്തിക്കൊണ്ടാണ് കേരളത്തെ വിഴുങ്ങാൻ ആ പേമാരി ഒലിച്ചിറങ്ങിയത്. കേരളത്തിലെ ഒരു ജില്ലയെപ്പോലും തള്ളി മാറ്റാതെ മഴ ഭൂമിയിലേയ്ക്ക് പെയ്തിറങ്ങി. ഓരോ രാത്രിയും, പകലും കഴിയുംതോറും കേരളത്തിന്റെ പകുതിഭാഗത്തും വെള്ളത്തിൽ മുങ്ങി തുടങ്ങി. ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷേപ്പിക്കുന്ന കുടനാട് എന്ന ഗ്രാമവും, ആലപ്പുഴ എന്ന ജില്ലയും മഹാ പ്രളയത്തിൽ മുങ്ങി. കേരളത്തിൽ പാടങ്ങളും, പുഴകളും, തോടുകളും, കിണറുകളുമെല്ലാം നിറഞ്ഞൊഴുകി. ജനജീവിതം ദുരിന്തത്തിലായ നാളുകൾ. കണ്ണടച്ച് തുറക്കുന്നതിനുമുൻമ്പേ വീടുകളെല്ലാം വെള്ളത്തലായി. ഓണപ്പാട്ടും, ഓണക്കളിയും, അത്തപൂക്കളവും നിറഞ്ഞ് നിൽകേണ്ട ഓരോ മലയാളി കുടുംബത്തിൽ നിന്നും ആ നാളുകളിൽ കേട്ടത് രക്ഷടാനുള്ള ഏങ്ങലുകളയിരുന്നു. സമൃദ്ധിയുടെ നാളുകളെ ദാരിദ്രത്തിന്റെയും പട്ടിണിയുടെയും ഘോരസർപ്പം വിഴുങ്ങി കഴിഞ്ഞിരുന്നു. കേരളം യാഥാർത്ഥത്തിൽ കറുപ്പുശിലകളാൽ മൂടപ്പെട്ടു. വെള്ളപ്പൊക്കവും,മണ്ണിടിച്ചലിനും ഇരയായി കേരളത്തിന് കുറേ മനുഷ്യജീവനുകൾ നഷ്ടമായി. പാവപ്പെട്ടവനെന്നോ

# പട്ടങ്ങൾ

പണക്കാരനെന്നോ വ്യത്യാസമില്ലാതെ പ്രളയം എല്ലാവരെയും ഒരുപോലെ വിഴുങ്ങി. ജനങ്ങൾ ജീവനുവേണ്ടി തേങ്ങി. പ്രളയജലം ലക്ഷകണക്കിനുപേരെ നഷ്ടങ്ങളുടെ ആഴത്തിലേയ്ക്ക് താഴ്ത്തുമ്പോൾ സ്നേഹസഹോദരങ്ങൾ ഒരുമിപ്പിച്ച അതിലുമെത്രയോ പേർ അവരെ ജീവിതത്തിലേക്ക് ഉയർത്താനുണ്ടായി. കേരള- ത്തിൽ ഉള്ളവർക്കൊപ്പം മറുനാടൻ മലയാളികളും ഇതര സംസ്ഥാനക്കാരും വിദേശികളുമെല്ലാം കൈകോർത്തു. ഓരോ ജില്ലകളിലും വെള്ളപ്പൊക്ക ക്യമ്പുകൾ ആരംഭിച്ച് ജനങ്ങളെ ഒരു പരുതിവരെ സംരക്ഷിച്ചു. പ്രളയകേരളത്തെ കൈപിടിച്ചുയർ- ത്താൻ വേണ്ടി ബഹുതലങ്ങളിൽ ഉണ്ടാവുന്ന മാതൃകാപരമായ ശ്രമങ്ങൾ മാനുഷികനയത്തെക്കുറിച്ചും നന്മയെക്കുറിച്ചുമുള്ള സംഘഗാനമായിക്കൂടി നാം കേൾക്കുന്നു. ഈ മഹാപ്രളയത്തിൽ അനേകംപേരുടെ വീടുകളും അവർ കഷ്ടപ്പെട്ട് അധ്വാനിച്ച് സമ്പാദിച്ചുവച്ച ഓരോ അമുല്യവസ്തുക്കളും വെള്ളത്തി- നടിയിലായി. പ്രളയത്തിൽ മനുഷ്യനെണോ മൃഗമേന്നോ വ്യത്യസമില്ലാതെ മൃതശരീരങ്ങൾ ഒഴുകി നടന്നു. വർത്തവിനിമയ സംവിധാനം നിലച്ചു,ഗതാഗതം നിർത്തലക്കി, വൈദ്യുദിയും, ജലസേചനവും വഴിമുട്ടി. കേരളം ആകെ സ്തംഭിച്ചു. ഇത്രയൊക്കെ സംഭവിച്ചാലും കേരളത്തെ തകർക്കാൻ ആവില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് കേരളജനത ഒറ്റക്കെട്ടായി നിന്നുകൊണ്ട് രാത്രിയേയും പകലിനേയും വെള്ളത്തേയും ഭയക്കാതെ രക്ഷാപ്രവർത്തനം ചെയ്തുകൊണ്ട് കേരളത്തെ തിരിച്ചുപിടിച്ചു. ഇന്ത്യ ഒട്ടാകെ കേരളത്തന് ധനസഹായവും അടിയന്തിര സാധനസാമഗ്രഹികളും ഭക്ഷണപദാർത്ഥങ്ങളും എത്തിച്ചുകൊടുത്തു. കടലിന്റെ മക്കൾ കരയിലെ രക്ഷകരായി വന്നുകൊണ്ട് അനേകം ജീവനുകൾക്ക് തുണയേകി. നമുക്ക് തുണയായി കേരളത്തിന് കാവലായി വിവിധ സർക്കാർ വകുപ്പുകളും, ആവർക്കൊപ്പം

# പട്ടങ്ങൾ

ദുരന്തനിവാരണ സേന, ആർമി, എയർഫോഴ്സ്, നേവി, കോസ്റ്റ്ഗാഡ്,പോലീസ്, ഫയർഫോഴ്സ് തുടങ്ങി വിവിധ വിഭാഗങ്ങൾ ഒരുമിച്ച് അണിച്ചേർന്നു. ഒറ്റപ്പെട്ട് മുങ്ങി കിടക്കുന്ന ഓരോ സ്ഥലങ്ങളും മരണഭയമില്ലാതെ സന്ദർശിച്ച് ഓരോ ജനങ്ങളേയും അവർ സംരക്ഷിച്ചു.

മഹാപ്രളയം കേരളത്തെ വിഴുങ്ങി എങ്കിലും ഐക്യവും ജാതി-മതഭേദമന്യ എല്ലാ ജനങ്ങളും ഒരു കുടകീഴിൽ കിടക്കുന്ന കാഴ്ച കാണാൻ കഴിഞ്ഞു. പ്രളയത്തിൽ മുങ്ങിയ നാടിനുവേണ്ടി നൂറുകണക്കിനു യുവജനങ്ങൾ കൈമെയ് മറന്നു പ്രവർത്തിക്കുന്ന കാഴ്ച ദുരന്തമുഖങ്ങളിലും, ദുരിതാശ്വാസ ക്യാമ്പുകളിലും സമൂഹമാധ്യമങ്ങലിലും നിറഞ്ഞു നിൽക്കുമ്പോൾ നമ്മുക്ക് ഉറപ്പാവുന്ന ലക്ഷ്യബോധത്തോടെയും സാമൂഹികപ്രബദ്ധതയോടെയും ഇവർക്ക് നവകേരളം രച്ചിക്കാനാവും. ഇതിനിടെ സ്നേഹവും കരുണയും അടയാള ചിഹനങ്ങളാവുന്ന എത്രയെത്ര കാഴ്ചകൾ കേരളംകണ്ടു. മലപ്പുറം വെങ്ങരയിലെ പ്രളയ രക്ഷപ്രവർത്തനത്തിനിടെ ആളുകൾക്ക് ചവിട്ടി കയറാൻ ചളി വെള്ളത്തിൽ മുട്ടുകുത്തി നിന്ന് സ്വന്തം മുതുക് കാട്ടികൊടുത്ത ജൈസൺ, ഉറുമ്പ് അരിമണികൂട്ടം പോലെ കാത്ത് സൂക്ഷിച്ച കുടുക്കൾ ദുരിതാശ്വാസനിധിക്കായി പൊട്ടിച്ച കുട്ടിക്കൾ ,ഇവരൊക്കെ കേരളത്തിന്റെ മുതൽ കൂട്ടാവുന്ന കാഴ്ച്ചകൾ ഈ പ്രളയത്തിലും കേരളത്തിന് ആശ്വാസമേക്കുന്നു.

മറക്കില്ല.മറക്കാനാവില്ല കേരളത്തിന് ഇതൊന്നും. പ്രളത്തിൽ നിന്നും നാടിന് ഉയർന്നുപൊങ്ങാൻ നീണ്ട സഹായഹസ്തങ്ങൾ മാനവികതയുടെ മഹനീയത നമ്മുക്ക് എന്നേക്കും എടുത്തുവയ്ക്കാനുമ്മതാണ്. ഒരു തരത്തിലും ഉള്ള വേർത്തിരിവില്ലാതെ ഒരുമയോടെ കേരളം ഒരേ ലക്ഷ്യത്തിനായി കൈക്കോർത്തു നിൽക്കുന്ന അനുപമമായ

## പട്ടങ്ങൾ

കാഴ്ചയാണിത്. ലോകത്തിനു മുന്നിൽ, ഭാവികേരളത്തിനു മുന്നിലും നാം വയ്ക്കുന്ന മാതൃക. നാം ഒരേ സ്വരത്തിൽ ഉറക്കെ വിളമ്പരം ചെയ്യുന്നു ഇതാണു കേരളം. മാവേലി തമ്പുരാൻ  പാടി പുകഴ്ത്തിയ കേരളമാണ് നാം പ്രളത്തിൽ കണ്ട നമ്മുടെ സ്വന്തം കേരളം.

# എന്റെ വിശ്വവിദ്യാലയം

ഞാൻ പഠിക്കും പള്ളിക്കൂടം
എന്റെ കൂട്ടുകാരുമൊപ്പമിരുന്ന്
പൂക്കളും ചെടികളും മരങ്ങളും
വെച്ചു പിടിപ്പിച്ചൊരു
ഹരിതാഭമാക്കി മാറ്റിയ
എൻ വിദ്യാലയം
അറിവും അക്ഷരവും
പറഞ്ഞു തരുന്നെൻ
ഗുരുനാഥനെ ഞാൻ നമിക്കുന്നു

എൻ വിദ്യാലയത്തിലെന്ന -
ച്ഛനും  അമ്മയും എൻ സ്വന്തം ഗുരുനാഥൻ
അറിവാം മുത്തുകൾ

പഠിക്കയും ,എൻ സഹപാഠി -
കളായുള്ള കളിയും പഠനവും
പാട്ടുകളും പരസ്പരസോദരരായ്
സ്നേഹിച്ച് വളർന്നെൻ വിദ്യാലയം .

എല്ലാവരേയും  സ്നേഹിക്കണമെന്നും
ആരെയും വെറുക്കരുതെന്നും
പഠിപ്പിച്ചു തന്നതെൻ വിദ്യാലയം
പരോപകാരം  ഇദം  ശരീരം

# പട്ടങ്ങൾ

എന്ന ലോകതത്ത്വം

മനപാഠമാക്കി പ്രവർത്തിക്കാൻ

ശക്തി തന്നതെൻ പ്രിയ വിദ്യാലയം

എൻ വിദ്യാലയം

എൻ വിശ്വവിദ്യാലയം

എന്റെ സ്വര്ഗ്ഗമാണ് എന്റെ വിദ്യാലയം

AMMU SIJAN 10B

## ആനറാഞ്ചി പക്ഷിയും ഓലഞ്ഞാലിയും

കാട്ടിലെ പക്ഷികളുടെ രാജാവായ ആനറാഞ്ചി പക്ഷിക്ക് തലയിൽ ഒരു പൂവുണ്ടായിരുന്നു. കാട്ടിലെ പക്ഷികളെല്ലാം ആനറാഞ്ചി പക്ഷിക്കുമുമ്പിൽ ഭയന്നുനിന്നപ്പോഴും,ആദരവോടെ പെരുമാറിയപ്പോഴും പാവം ഓലാഞ്ഞാലിപ്പക്ഷി കരുതി തലയിൽ പൂവുള്ളതുക്കൊണ്ടാണ് കാട്ടിലെ പക്ഷികൾ ആനറാഞ്ചിപ്പക്ഷിയെ ഭയക്കുന്നതെന്നും ബഹുമാനിക്കുന്നതെന്നും. ഇത്തരം ഒരു ചിന്ത ഉണ്ടായതോടെ ആനറാഞ്ചിപ്പക്ഷിക്കുള്ളതുപോലെ ഒരു പൂവ് തന്റെ തലയിൽ ഉണ്ടാവണമെന്ന് ഓലാഞ്ഞാലിപ്പക്ഷി ആഗ്രഹിച്ചു. ഓലാഞ്ഞാലിയുടെ ചിന്തമുഴുവൻ പിന്നെ അതെകുറിച്ചായി. ഓലാഞ്ഞാലിക്ക് ഊണും ഉറക്കവും ഇല്ലാതായി. കണ്ണടയ്ക്കുമ്പോഴെല്ലാം തലയിൽ പൂവുള്ള തനിക്കുമുമ്പിൽ ഭയന്നുനിൽക്കുന്ന പക്ഷികളുടെ രൂപം തെളിഞ്ഞു. ഓലാഞ്ഞാലിപ്പക്ഷിയിലുണ്ടായ ഈ മാറ്റം വനദേവദയും ശ്രദ്ധിക്കാതിരുന്നില്ല.ഒരിക്കൽ വനദേവദ ഓലാഞ്ഞാലിപ്പക്ഷിയോട് ചോദിച്ചു: "ഓലാഞ്ഞാലീ, നീയെന്തിനാണിങ്ങനെ ദുഃഖിച്ചിരിക്കുന്നത്?" ഓലാഞ്ഞാലിപ്പക്ഷി പറഞ്ഞു: "വനദേവദേ, എന്റെ തലയിൽ ഒരു പൂവില്ലാതെ പോയി, അതാണെന്റെ ദുഃഖത്തിനു കാരണം. അതിനാൽ അങ്ങ് കനിഞ്ഞ് എന്റെ തലയിൽ ഒരു പൂവ് സൃഷ്ടിച്ചുവച്ചാലും"

# പട്ടങ്ങൾ

ഓലാഞ്ഞാലി പറഞ്ഞതുപ്രകാരം വനദേവദ ഓലാഞ്ഞാലിപ്പക്ഷിയുടെ തലയിൽ ഒരു പൂവ് തീർത്തുകൊടുത്തു.

തലയിൽ പൂവുണ്ടായതോടെ ഓലാഞ്ഞാലിപ്പക്ഷി അഹങ്കാരിയായിമാറി. തന്റെ പൂവ് കാട്ടിലെ മറ്റു പക്ഷികളെ കാണിക്കുന്നതിനായി ഓലാഞ്ഞാലി തല ഉയർത്തിപ്പിടിച്ച് കാട്ടിലങ്ങുമിങ്ങും പറന്നുനടന്നു. എന്നാൽ ഓലാഞ്ഞാലിയുടെ തലയിൽ പൂവ് കണ്ടപ്പോൾ മറ്റുപക്ഷികൾ ചിരിക്കുകയാണുണ്ടായത്. അവർ പരിഹസിച്ചുചിരിച്ചപ്പോഴും ഓലാഞ്ഞാലിപ്പക്ഷി കരുതി തലയിൽ പൂവുള്ള തന്നെ അവർ ആദരിക്കുകയാണെന്ന്. എന്തെന്നാൽ തലയിൽ പൂവുണ്ടായതോടെ അഹങ്കാരിയായിത്തീർന്ന ഓലാഞ്ഞാലിപ്പക്ഷിയുടെ കണ്ണുകൾ അഹങ്കാരത്താൽ പാതി അടഞ്ഞാണിരുന്നത്. അഹങ്കാരിയായ ഓലാഞ്ഞാലി അവിടംകൊണ്ടും അടങ്ങിയില്ല. പക്ഷികളുടെ രാജാവായ ആനറാഞ്ചിപ്പക്ഷിയെ തന്റെ പൂവ് കാണിച്ച് തന്റെ രാജത്വം പ്രഖ്യാപിക്കുന്നതിനായി ഓലാഞ്ഞാലിപ്പക്ഷി ആനറാഞ്ചിപ്പക്ഷിക്കരികിലേക്ക് പറന്നുപോയി.

ആനറാഞ്ചിപ്പക്ഷിക്കടുത്തുചെന്ന് അഹങ്കാരസ്വരത്തിൽ ഓലാഞ്ഞാലിപ്പക്ഷി വിളിച്ചുപറഞ്ഞു:"അല്ലയോ ആനറാഞ്ചി, നാളിതുമുതൽ കാട്ടിലെ പക്ഷികളുടെ രാജാവ് നീമാത്രമല്ല, നിനക്കുള്ളതുപോലെ തലയിൽ പൂവ് എനിക്കുമുണ്ട്. അതിനാൽ ഞാനും പക്ഷികളുടെ രാജാവാണ്."

ഓലാഞ്ഞാലിയുടെ വാക്കുകൾ കേട്ട ആനറാഞ്ചിപ്പക്ഷിക്ക് കോപം അടക്കാൻ കഴിഞ്ഞില്ല. തന്റെ കൂർത്ത ചുണ്ടുകളാൽ ഓലാഞ്ഞാലിപ്പക്ഷിയെ കൊത്തിമലർത്തികൊണ്ട് ആനറാഞ്ചിപ്പക്ഷി പറഞ്ഞു:"തലയിൽ പൂവുണ്ടായാലും ഓലാഞ്ഞാലി ഓലാഞ്ഞാലിതന്നെ

ALIN ANTONY 9C

# പട്ടങ്ങൾ

## വസന്തവർണ്ണങ്ങൾ

കളിരുന്ന കാറ്റിന്റെ താളത്തിലാടുന്ന
ഇലയുടെ കൈപ്പിടിച്ച് ആടുന്ന

പൂക്കളെ..................

കുയിലിന്റെ ഈണത്തിൽപാറികളി-

ക്കുന്ന പൂമ്പാറ്റക്കുഞ്ഞിന്  മധുര-
മൂറും തേൻകനി നൽകുന്ന

പൂക്കളെ....

രാത്രിയിലും പകലിലും വ്യത്യാസ-
മില്ലാതെ വിരിയുന്ന സ്വപ്നത്തിൻ

പൂക്കളെ..
സ്വർണ്ണ വെളിച്ചം പകരുന്ന സൂര്യനെ
ചെറുപുഞ്ചിരിയോടെ  നോക്കിനിൽക്കുന്ന

പൂക്കളെ..
ആരും കണ്ടാൽ ഉള്ളിലൊരു മോഹം
നിന്നെ തൊടാൻ ചന്ദ്രികയാം

പൂക്കളെ...
ഓണത്തിൻ മാവേലി മന്നനെ
വരവേനൽക്കും നേരത്ത് ആദ്യമെത്തുന്ന

പൂക്കളെ....
കാറ്റു കൊതിക്കും നിൻ സുഗന്ധവും
വെളിച്ചം കൊതിക്കും നിൻ സൗന്ദര്യവും
ആടുന്ന നിൻ മിഴികളിൽ സ്വപ്ന
പൂഞ്ചേരി അണിയുമ്പോൾ
അഴകെ നീ മാത്രം ഈലോകത്ത്

സ്വർഗ സാഗരം.......

# പട്ടങ്ങൾ

## പ്രകൃതിതൻ ദുഃഖം

മിഴിയിൽ നിന്നും രക്തം വാർന്നു വീഴുന്ന ഭൂമി
എന്താണ് നിൻ മനസ്സിൽ വിതുമ്പുന്നത് ?
നിന്നെ ആശ്വാസിപ്പാൻ കഴിയില്ലല്ലോ എനിക്ക് ?
കൺമുന്നിലാകെ മറ്റിയ ഭൂനിലങ്ങൾ
[മിഴിയിൽനിന്നും]

നിൻ ദുഃഖം കണമു ഞാൻ
എങ്കിലും നിൻ ദുഃഖത്തിൽ പെരുൾ
ഞാനല്ലെ ?
കണ്ണിരൊപ്പാൻ വന്ന ഞാൻ നിൻ
അരികിലേക്ക് എന്നാൽ നീ അകന്നകന്ന്
പോവുകയല്ലേ ?

നിൻ മിഴിയിലെ കണ്ണുനിരെല്ലാം
എൻ മനസ്സിൽ തീജ്വായായും
മാറുന്നു
നിൻ മാറിലെ ചുടുരക്തമെല്ലാം
എൻ മനസ്സിലെ പിളർക്കുന്നു
മണ്ണിലേക്ക് പൊഴിയുന്ന മഴത്തുള്ളി
നിൻ കണ്ണനീർത്തുള്ളികളാണോ ?
[മിഴിയിൽ നിന്നും]

Anjana p.s 9D

# പട്ടങ്ങൾ

## അനുക്കുട്ടിയുടെ പ്രളയജീവിതം

കേരളത്തെ ഭീതിയാഴ്ത്തിയ മഴക്കെടുതിയിൽ ഒരുപാടുപേർ ദുരിതം അനുഭവിച്ചിരുന്നു. ആ കൂട്ടത്തിൽ എന്റെ കുടുംബവും ഉണ്ടായിരുന്നു. മഴയുടെ ശക്തിയിൽ പുറത്തിറങ്ങാനാവാതെ വീട്ടിലിരുന്ന് മഴകാണുന്ന സമയം ഞങ്ങളുടെ വീടിന്റെ പടിവരെ വെള്ളം കയറിയിരുന്നുഎന്നാൽ ഞങ്ങൾ അത് കാര്യമാക്കിയില്ല.

പിന്നീട് മറ്റ് കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ കാലിൽ നനവ് അനുഭവപ്പെട്ടു. തിരിഞ്ഞ് നോക്കിയപ്പോൾ വാതിലും കടന്ന് അകത്തേക്ക് വെള്ളം എത്തിയിരിക്കുന്നു. പിന്നിട് എല്ലാവർക്കും ഒരു മരണപ്പാച്ചിലായിരുന്നു. ഞങ്ങൾക്ക് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. ഞങ്ങൾ കയ്യിൽ എടുക്കാവുന്ന സാധനങ്ങൾ എടുത്ത് ദുരിതാശ്വാസക്യാമ്പിലേക്ക് നടന്നു. മഴയായതിനാൽ ഞങ്ങളുടെ കണ്ണുനീർ ആരും കണ്ടില്ല. എന്നാൽ ഞങ്ങളുടെ മനസ്സിന്റെ വിങ്ങൽ എല്ലാവരും മനസ്സിലാക്കിയിരുന്നു. ദുരിതാശ്വാസക്യാമ്പിൽ ഞങ്ങൾ സുരക്ഷിതരായിരുന്നു എങ്കിലും

ഞങ്ങളുടെ വീടിന്റെ ഗതി ഓർത്ത് ഞങ്ങൾ ആകെ നിരാശരായിരുന്നു. ഞങ്ങളെ ഒരുപാട് പേർ സഹായിക്കാനും സമാധാനപെടുത്താനും വന്നിരിക്കുന്നെങ്കിലും ഞങ്ങളുടെ മനസ് വിങ്ങുകയായിരുന്നു. മഴയുടെ അതിഭയങ്കരമായ കാളിയമർദന-ത്തിനു ശേഷം ഞങ്ങൾ വീടിലേക്കു തിരികെ പോകാൻ തയ്യാറായി ഞങ്ങളുടെ വീട് ആകെ താറുമാറായി. വീടിലെ ഒരുവസ്തുവുംതിരിച്ചറിയാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഞങ്ങളും അയൽവാസികളും ചേന്ന് വീടും പരിസരവും വൃത്തിയാക്കിയെടുത്തു. ഞങ്ങളുടെ ജീവിതം പഴയപടിയായി എങ്കിലും ഞങ്ങൾ അനുഭവിച്ച ദുരിതം മനസിൽ നിന്നും മയുന്നില്ല. ഇനി ഇങ്ങനെ ഒരു ദുരിന്തം വരല്ലെ എന്ന് നമ്മുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം....Arya k.m

# വനം

മരങ്ങളും മനുഷ്യനും മൃഗങ്ങളും താമസിക്കുന്ന ഒരു വനം.പക്ഷിമൃഗാധികളും
അവയുടെ കുട്ടുകളും.കാറ്റത്ത് ആഞ്ഞടിക്കുന്ന മരങ്ങളും ചെടികളും.
മറ്റൊരു ഭാഗത്ത് മരങ്ങൾ വെട്ടുവാൻ ആയി നടക്കുന്ന മനുഷ്യർ.
മനുഷ്യരുടെ കൊച് വീട്ടുകൾ.വനത്തിൽ കരടികൾ താമസിക്കുുന്നത്
പലവിധത്തിലുള്ള ഗുഹകളിൽ.അവിടെയുള്ള മൃഗങ്ങൾ കാട് സംരക്ഷിക്കാൻ
നടക്കുമ്പോൾ ഓരോ മരങ്ങളായി വെട്ടുന്ന ചെറിയ ഒരു മനുഷ്യവിഭാഗം.
ഓരോ മരങ്ങൾവെട്ടുമ്പോഴും അതിൽ താമസിക്കുന്ന പക്ഷിമൃഗാധികളുടെ
വീട്ടുകളാണ് ഇല്ലാതാക്കുന്നത്.ഈ വീട്ടുകളിൽ അവരുടെ ആഹാരം എന്നിവയൊക്കെ
സൂക്ഷിച്ചുവയ്ക്കുന്നു.ആളുകൾ ഇതൊന്നും മനസിലാകാതെ മരങ്ങൾ വെട്ടിനശിപ്പിക്കുന്നു.
ഇതിങ്ങനെ തുടർന്നാൽ ഒരു പക്ഷേ നമ്മുടെ ലോകം തന്നെ ഇല്ലാതാകും.

BY Avani T.K 9A

## അധ്യാപക സ്നേഹം

ഏഴാം ക്ലാസിൽ നിന്നും എട്ടാം ക്ലാസിലേക്ക് ജയിച്ച സന്തോഷത്തിലാണ് ലയ.പുതിയ സ്കൂളും,ബാഗും,പുസ്തകവും,പുതിയ കൂട്ടുകാരും അങ്ങനെ.അവൾക്ക് ആ സ്കൂളിൽ ആരേയും പരിജയമില്ല.അവധി തീർന്നു.സ്കൂൾ തുറന്നു.ആദ്യത്തെ ദിവസം ക്ലാസ്സ് ടീച്ചറെ പരിചയപ്പെട്ടു.കുറച്ച് കൂട്ടുകാരെ കിട്ടി.പിറ്റേന്ന് വെയിലിനെ വിദ്യാലയത്തിലേക്കയച്ചുകൊണ്ട് മഴ രാവിലെ മുതൽ പെയ്തു.കുറച്ച് മടിയൊക്കെ കാണിച്ചെക്കിലും ലയ സ്കൂളിലേക്ക് പോയി.അവളുടെ ചേച്ചി പറഞ്ഞുക്കൊടുത്തിട്ട് അവൾക്ക് കുറച്ച് അദ്യാപികമാരെയെല്ലാ മനസ്സിലായി,കുറെയധികം ടീച്ചർമാർവന്നു പരിച്ചയപ്പെട്ടു അവൾക്ക് അന്നും മുതൽ ഏറ്റവും ഇഷ്ടപ്പെട്ടത് അവളുടെ സോഷ്യൽ ടീച്ചറെയാണ്. സ്കൂതുറന്ന് ഒരാഴ്ച കഴഞ്ഞു കൂട്ടുകാരെല്ലുമായിട്ട് നല്ല പരിജയമായി.  ലയക്ക് സ്കൂളിൽ വരുവാൻ ഇപ്പോൾ വളരെ ഇഷ്ടമാണ് കാരണം ഒന്നവളുടെ കൂട്ടുക്കാരുമൊത്ത് കളിക്കാം . രണ്ട് അവളുടെ ഇഷ്ടമുള്ള അധ്യാപികയായ സബിത ടീച്ചറെ കാണാം. എത്ര വയ്യെങ്കിലും ഇപ്പോൾ ലയ സ്കൂളിൽ ഉണ്ടാകും.ക്ലാസിൽ സുഹൃത്തുക്കൾക്കൊപ്പം വർത്തമാനം പറഞ്ഞിരിക്കെ അവൾ പറഞ്ഞു അവൾക്ക് ഇഷ്ടമുള്ള ടീച്ചറെ പറ്റിയും അതിൻെ കാരണം.അതിനു ശേഷം ലയ കിട്ടുന്ന സമയം മുഴുവൻ ഈ അധ്യാപികയെ കുറിച് മാത്രം പറയുകയൊള്ളു.ആദ്യമൊകെ കൂട്ടുകാർ കേട്ടിരുന്നു,പിന്നെ ശല്യം

# പട്ടങ്ങൾ

സഹിക്കാൻ കഴിയാതായപ്പോൾ സബിത ടീച്ചറോട് പറഞ്ഞു കൊടുത്തു.സബിത ടീച്ചർക്ക് അത് വളരെയധികം സന്തോഷമുള്ള വാർത്തയായിരുന്നു.എന്നാൽ ടീച്ചറാകട്ടെ അതിനുശേഷം ലയയോട് അധികം സംസാരിക്കാറില്ല എന്ന് ലയക്ക് തോന്നി.അങ്ങനെയിരിക്കെ ലയയുടെ സ്നേഹം അലെകിൽ അവളുടെ ഉള്ളിലെ ആ ആദരവ് പ്രകടിപ്പിക്കാൻ ഒരു അവസരം കിട്ടി.സബിത ടീച്ചർ അവളെ ഒരു മത്സരത്തിനുകൊണ്ടുപോകാൻ തീരുമാനിച്ചു അവൾക്ക് ആ മത്സരത്തിൽ പങ്കെടുക്കുന്നതിൽ വളരെ അഭിമാനമായിരുന്നു. കൂട്ടുകാരുടെ മുൻപിൽ അവൾ കുറച്ച് പ്രശസ്തയായി. എന്നാൽ അവൾക്കൊരു ആഗ്രഹമുണ്ടായിരുന്നു. എന്തെന്നാൽ അവളുടെ മത്സരത്തിന്റെയന്ന് ടീച്ചർ അവളുടെ കൂടെ ഉണ്ടാകണമെന്ന് നിർഭാഗ്യവശാൽ അന്നത്തെ ദിവസം ലയയോടോപ്പം ടീച്ചർക്ക് മത്സരത്തിന് പോകാൻ സാധിച്ചല്ല.ആ കാര്യം അവളെ നിരാശപ്പെടുത്തി.എകിലും അവൾ വളരെ ആത്മവിശ്വാസത്തോടെ മത്സരത്തിനു പക്കെടുത്തു.അവൾ വിചാരിച്ചപോലെ മത്സരത്തിൽ എത്താൻ അവൾക്ക് കഴിഞ്ഞില്ല.അന്ന് അവൾക്ക് ടീച്ചറുടെ മുന്നിൽ തോറ്റ് പോയതിന്റെ സങ്കടം സഹിക്കാൻ കഴിഞ്ഞില്ല.ലയ അന്ന് പൊട്ടികരഞ്ഞു.അന്ന് അവൾ ഒന്നും കഴിച്ചില്ല.കാണുമ്പോൾ നിസാരകാര്യമാണ്.പക്ഷെ അവൾക്ക് അത്  വളരെ വേദനയേറിയതായിരുന്നു.കാരണം നാം സ്നേഹിക്കുന്ന ഒരാളുടെ മുന്നിൽ തോറ്റുപോവുക എന്നത് വേദനയെറിയതാണ്.ലയക്ക് സമ്മാനം

# പട്ടങ്ങൾ

കിട്ടാതത്തിനാൽ സ്കൂളിന്റെ ഓവരോൾ ഗ്രേഡും പോയി. എപ്പോഴും ഒന്നാം സ്ഥാനം നേടാറുള്ള സ്കൂൾ രണ്ടാം സ്ഥാനത്തായി. അതും അവളെ വേദനിപ്പിച്ചു. മത്സരത്തിന്റെ ക്ഷീണം ഒതുങ്ങി. ഇപ്പോൾ പ്രശ്നമൊന്നുമില്ല. ലയ സബിത ടീച്ചർക്ക്മിഠായിയും ഗിഫ്റ്റുമെല്ലാം വാങ്ങിക്കൊടുക്കും.

JIYA JITHU 10 B



# പട്ടങ്ങൾ






MATCH IS GOING ON OUR SCHOOL GROUND

# പട്ടങ്ങൾ

## തുളസിപ്പൂവ്

തുളസി നിൻ ഇതൾകളെ തൊട്ടു തലോടിടാം
ഇന്നു ഞാൻ കേൾക്കുന്നു നിന്റെ ശബ്ദം
എന്നുമെൻ മുറ്റത്ത് പുഞ്ചിരിച്ചീടുന്ന
ഇന്നു ഞാൻ കാണുന്നു നിന്റെ ഭംഗി
ശലഭങ്ങൾ നിന്നെയോ നോക്കുകയില്ലയോ

ശലഭത്തിനറിയില്ല നിൻ ചരിത്രം
വൃദാവനത്തിൽ നിറഞ്ഞ് നിന്നീടുന്ന
പൂക്കളിൽ ഔഷധ സസ്യമോനീ
കണ്ണന്റെ ലീലകൾ കണ്ടു വളറ്ന്നീ
കണ്ണനെ പ്പോലെ നീ പുഞ്ചിരിക്കു
സീതാരാമനെ പൂജിക്കു

എൻ തുളസിത്തറ അലങ്കരിച്ചീടുന്ന
തുളസി നിന്നെ ഞാനോറ്ക്കുമെന്നും

കൃഷണദേവ്.പി.എം 10 B



പട്ടങ്ങൾ

# THE THIRSTY CROW

Once upon time,There was crow living in a poor village. That was summer season ,water was less in the village.



One day crow was flying over the village. The crow was thirsty and tired. The crow saw a pot behind a house. There was Some water at bottom of pot. Crow see the water. The crow try to drink the water. But crow failed. Because water was bottom of pot. Crow saw some stones near the pot.



The crow had a idea. The crow took the stone with his beak. He put the stone into the pot. Water will grows up. He was so happy and drunk the water well. The clever crow got water and go away.

*Smart work is*
*Better than*
*Hard work*

*-RICHARD & JEEVAN*

# പട്ടങ്ങൾ

# Annual Day 2018









# പട്ടങ്ങൾ

# FOOTBALL MATCH

## STAFF & ANTHIKKAD POLICE









# പട്ടങ്ങൾ

## SWEET MOMENTS









# പട്ടങ്ങൾ

## മഹാദുരന്തം

ഒരു മനുഷ്യപുത്രന കണ്ണീരു
വാർത്തൊരു മഹാദുരന്തം
കടന്നുപോയി
ഓരോ ജീവനും ബാക്കിവെക്കാതെ
ആ മഹാദുരന്തം കടന്നുപോയി
ദുഷ്ടമനുഷ്യർതൻ നീചപ്രവർത്തനം
ഏറ്റുവാങ്ങിയ നല്ലമനുഷ്യരും കണ്ണീരിലാണ്ടുപോയി
ഇതു പ്രകൃതിതൻ തിരിച്ചടികൾ മാത്രം
ഇതു പ്രകൃതിതൻ തിരിച്ചടികൾ മാത്രം

sandra p nair



# പട്ടങ്ങൾ

## എന്റെ വനയാത്ര

എന്റെ മാമന്റെ വീട് ഒരു മലപ്രദേശമാണ്. ഒരു ഒഴിവ് ദിവസം ഞാൻ മാമന്റെ വീട്ടിലെത്തിയപ്പോൾ മാമൻ എന്നെ കാടുകാണിക്കാൻ കൊണ്ടുപോകാം എന്ന് പറഞ്ഞു. അങ്ങനെ വനയാത്രയ്ക്ക് വേണ്ട എല്ലാ സാധനങ്ങളും കൈവശം വച്ചുക്കൊണ്ട് ഞാനും എന്റെ കുടുംബവും വനയാത്രയ്ക്ക് തയ്യാറായി. ഞങ്ങൾ നടന്നു തുടങ്ങി. ആകാശം മറയ്ക്കുന്ന ഇലകളും ഇലകൾക്കിടയിലൂടെ ഒളിഞ്ഞുനോക്കുന്ന സൂര്യന്റെ കുസൃതിയും രസിച്ചുകൊണ്ട് ഞങ്ങൾ വനയാത്ര തുടർന്നു. ഒച്ചയില്ലാതെ നടന്നാൽ ധാരാളം പക്ഷികളേയും മൃഗങ്ങളേയും കാണാം എന്ന മാമന്റെ നിർദേശം വന്നതോടെ വളരെ സാവധാനം ഒച്ചയില്ലാതെ നടന്നു. ചിവീടിന്റെ കലപിലശബ്ദവും മയിലിന്റെ ശബ്ദവും കേട്ടുവെങ്കിലും കാണുവാൻ ഞങ്ങൾക്ക് സാധിച്ചില്ല. അങ്ങനെ നടന്ന് ഞങ്ങൾ പാറമടിയിലെത്തി. പാറകൾ നിറഞ്ഞിരിക്കുന്നതിനാലാണത്രെ ആ സ്ഥലത്തിന് പാറമടി എന്ന പേര് വന്നത്. ഇവിടെ മയിലുകൾ
വന്ന് നൃത്തമാടാറുണ്ട് എന്ന് മാമൻ പറഞ്ഞപ്പോൾ ചുറ്റോറും ഞാൻ എന്റെ കണ്ണോടിച്ചു. എങ്കിലും ഒരു മയിലിനെ പോലും കാണാൻ സാധിച്ചില്ല.ഞാൻ എന്റെ നടത്തത്തിന് ഇത്തിരി വേഗം കൂട്ടി. ഈ കാരണത്താൽ ഞാനോഴിച്ച് ബാക്കി എല്ലാവരും മയിലിനെ കണ്ടു. ഞാൻ തിരിഞ്ഞ് നോക്കിയപ്പോഴേക്കും മയിൽ ചാടിപ്പോയിരുന്നു. അങ്ങനെ വിഷമം ഉള്ളിലൊതുക്കി അ അസുരക്കണ്ടു ഡാമിലേക്ക് നടന്നു. എന്നാൽ ഡാമിൽ നന്നെ വെള്ളം കുറവായിരുന്നു. എന്നാൽ മഴക്കാലത്ത് തെങ്ങിന്റെ പകുതിയോളം വെള്ളം കയറുമെന്ന് പറഞ്ഞപ്പോൾ എനിക്ക് പോലും വിശ്വസിക്കൻ കഴിഞ്ഞില്ല. ഡാമിന്റെ അരികത്ത് ഞങ്ങൾ എല്ലാവരും കുറച്ചുനേരം ഇരുന്നു. പിന്നീട് മാമൻ പറഞ്ഞപ്പോഴാണ് ഞങ്ങൾ അറിഞ്ഞത് ഞങ്ങൾ

# പട്ടങ്ങൾ

2 കി. മീ നടന്നു എന്ന്. കാട്ടിലെ കാഴ്ചകളും ഭംഗിയും ആസ്വദിച്ച ഈ യാത്ര വളരെ രസകരമായിരുന്നു. എങ്കിലും മയിലിനെ കാണാൻ കഴിയാത്തത് എനിക്ക് വേദനയേക്കി.

നന്ദന സുമേഷ്, 10 A

## പ്രളയം

വാർ ത്തകളിൽ പ്രളയം
മഴ ദൈവങ്ങൾകനിഞ്ഞ പ്രളയം....
കണ്മണീരിൻെറ പ്രളയം........
എങ്കിലും ദു:ഖം!
ഓർമ്മകൾ മറഞ്ഞു പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി പ്രളയത്തിൽ
ഒടുവിൽ വന്ന പത്ര വാർത്തയിൽ
ഒരു കടലിരമ്പൽ!
വാത്തയുടെ ഉള്ളിലിങ്ങനെ-
'ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചുവരുമെന്ന നിലയിൽ
പ്രതീഷയിൽ'
പ്രളയം ഹൃദയത്തിലും വാർത്തയിലും.

sandra sajeevan

# പട്ടങ്ങൾ

## കേരള നാട്

കേരളനാടേ...മാവേലിനാടേ...

നാടെ...

കളം കളം പാടുനന അരുവികളും

സരിഗമ പാടുനന വേഴാമ്പലും

നിനെന പാടിപുകഴ്ത്തുനന

അരുവികളും...

കേരളനാടേ...

മോഹികും മോഹിനിയാട്ടവു...

നിൻ മോഹനതപമലേ..

ആരു മോഹികാനാവാതതതലേ...

കേരളനാടേ...

മരമേ..വരമേ...

കല്പകവൃക്ഷമേ..

നീ പേരിൽ..

മാതമാകുനനുവോ..

ഭാവി നിനെന പാഠപുസ്തകതതിലേതു മാതമാകുനനുമോ...

# പട്ടങ്ങൾ

# കേരളത്തിലെ പ്രളയ ജീവിതം

2018-ലെ ഈ മഴക്കാലം വെള്ളപ്പൊക്കം,പെരും പ്രളയമാകുന്നത് എങ്ങനെയെന്ന് നമുക്ക് കാണിച്ച തരുന്നു.ഈ മഴക്കാലത്ത് കേരളം മുഴുവൻ പ്രളയം അനുഭവിച്ചു.ഒരു പക്ഷ കാസർകോട് ഒഴിച്ച് എല്ലാ ജില്ലകളിലും നദികൾ കരകവിഞ്ഞൊഴുകി വെള്ളം ജനവാസ കേന്ദ്രങ്ങളിലെക്കെത്തി.ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി.ഏററവും ദുരിതം ഏററവും വാങ്ങിയത് കുട്ടനാട്,പമ്പാതീരം,പെരിയാർതീരം എന്നിവരാണ്.തലക്കുമീതെ,വീടിനുമേലെ,നാടാകെ മുക്കികൊണ്ടുവാൻ മലവെള്ളപാച്ചിലിനാണ് സമതലങ്ങൾ സാക്ഷ്യം വഹിച്ചത്.ബാക്കിയാക്കുന്നത് ജീവൻ നഷ്ടപ്പെട്ടവരുടെ കണ്ണീരോർമ്മകൾ,ദുരന്തത്തിന് മുന്നിൽ പകച്ച നിൽക്കുന്നവരുടെ നിസ്സഹായത തകർന്നടിഞ്ഞ നാടിൻെ ദൈന്യം

വെള്ളം പൊങ്ങുകയും അതേ വേഗത്തിൽ ഇറങ്ങുകയും ചെയ്യുന്നതാണ് പതിവ് രീതി.കൂടിപ്പോയാൽ ഒരു ദിവസം വെള്ളമിറങ്ങാതെ നിൽക്കും.ഇതാണ് കേരളം പരിചയിച്ച വെള്ളപ്പൊക്കം.ഇത്തവണ ഇതെല്ലാം തെററിച്ചാണ് മഴയും പുഴയും ഒത്തുകളിച്ചത്.ഓഗസ്ററ് മാസത്തിൽ ആദ്യ 18 ദിവസം ഏതോ വാശിയോടെ എന്നെപോലെ മഴ.

# പട്ടങ്ങൾ

## യാത്രവിവരണം

രാവിലെ 7 മണിയ്ക്ക് ഞങ്ങൾ പുറപ്പെട്ടു. പ്രസ് ക്ലബായിരുന്നുയാത്ര പ്ലാൻ ചെയ്തത്. കൊച്ചിയിലേക്കായിരുന്ന യാത്ര. ടൂറിസ്റ്റ് ബസിലാണ് പോയതത്. ബസിൽ പോകും വഴിക്ക് പാട്ടും ഡാൻസും അയിരുന്നു. എല്ലാവരും വളരെ അധികം സന്തോഷിച്ച് 9 അയപ്പോഴേയ്ക്കു ഞങ്ങൾ കൊച്ചിയുൽ എത്തി.

ഞങ്ങൾ അദ്യം കൊച്ചിയിലെ ജൂതാസ് പള്ളിയിലേക്കാണ് പോയതത്. വളരെ പുരാതനമായ പള്ളിയായിരുന്നു അത്. വിവിധ നിറത്തിലും അകൃതിയിലുമുള്ള ലൈറ്റുക്കൾ പള്ളിയുടെ പ്രധാന സവിശേഷതയാണ്. വിവിധ തരം ശിൽപങ്ങൾ പള്ളിയുടെ ഉള്ളിൽ ഉണ്ടായിരുന്നു.


ഞങ്ങൾ പിന്നീട് ബോട്ട് യാത്രക്കാണ് പോയതത്. അവിടെയും പാട്ടും ഡാൻസും അയിരുന്നു. ഉൾക്കടലിലേക്കായിരുന്ന യാത്ര. അവിടെ എന്നെ അകർഷിച്ചത് ഡോൾഫിനുകളുടെ നിരനിരയായ ചാട്ടമായിരുന്നു.

പിന്നീട് കൊച്ചിയിലെ ജവാൻ പാർക്കിലേക്കാണ് പോയതത്. പാർക്കിന് അരികിൽ കടൽ അയിരുന്നു. അവിടെ ഞങ്ങൾ ഊഞ്ഞാൽ ആടി. പിന്നീട് അവിടെ നിന്ന് തിരിച്ച്
വീട്ടിലേക്ക് പുറപ്പെട്ടു. രാത്രി 11 മണിയോടെ ഞങ്ങൾ വീട്ടിലെത്തി.

ഗോപിക കെ.എസ്,9E


# പട്ടങ്ങൾ

# HINDI WRITINGS




लेकिन केरल जनता के सहकरण मनोभाव और मानवों की बीच का प्रेम से इस राज्य का लोगों को सब प्रश्नों का मुकाबला कर सके। केरल जनता अतिजीवन से विजय फैलाया। यही एकसाथ मनोभाव ही हमारा विजय। मानविकता, केरल जनता को आगे बढ़े। इस अवसर पर एक बात बोलना जरूरी है, कि इस संसार के सब लोग कई तरह से बाढ़ में पड़े लोगों को मदद की। यह है मानविकता।

Amal Antony
X A



लेकिन आज मेरे देश की स्थिति मुझे बड़ा निराश करती है। हमारा अभी ही एक बड़ी बाढ़ से मुक्त हुई है। केरल चरित्र के सबसे बहुत नाश से हम लोग स्तब्ध हुई। केरल में एक शताब्दी में आयी सबसे विकराल बाढ़ थी। जिसमें सैकड़ों लोग मारे जा चुके हैं। तथा हजारों से अधिक लोगों को विस्तापित होना पड़ा। अत्यधिक वर्षा बाढ़ के कारण राज्य के इतिहास में पहलीबार 42 में से 35 बाँधों को खोला गया है। इस कारण से पर्वतीय जिले, वयनाड का सम्पर्क राज्य के अन्य हिस्सों से पूरी तरह से कट गया था। बाढ़ के कारण सैकड़ों गाँव कई सड़कें तथा हजारों घर क्षतिग्रस्त हो गये हैं। राज्य के विद्यालय बन्द हैं, केरल जनता के देशीय त्योहार है ओणम। बाढ़ के तकलीफों के कारण इस साल केरल देश ओणम नहीं मनाते। लेकिन महाबली की इच्छा से हम एकसाथ बाढ़ में दूसरों की मदद की।



बाढ़ में पड़े दुखित जनता

Amal Antony
X A

केरल हमारा जन्मस्थान है। आप लोग जानते हैं हमारी देश कितनी सुंदर है, पेड़, पौधें, खेती सभी से भरा एक हरियाली भूमी। इस सुंदर भूमी में जन्म पाना हमारे लिए एक बड़ी बात है। इसलिए, स्वदेशी और विदेशी समान रूप से भगवान् का अपना देश कहा जाता है। मुझे अपने देश के बारे में बहुत गर्व है, और यहाँ होने के लिए जगदीश के आशीर्वाद पर मुझे बहुत गर्व है। जाती-वर्ग- इस बारे में हमारा लोग झगड़ा न करते। परन्तु सब लोग खुशी से एकसमान जीते हैं। लोगों ने दूसरों को सहाय-सहकरण से आगे बढ़ते हैं। सचमुच केरल राज्य ईश्वर का एक वरदान भूमी है। नदियाँ, नालों, तालाबें, पहाड़ें, हरित पेड़ों, रंगबिरंगी फूलों ये सब मिलकर इस देश का सौंदर्य अवर्णनीय है।

# പട്ടങ്ങൾ

# JUNIOR RED CROSS





# പട്ടങ്ങൾ

# SCOUT AND GUIDES







# പട്ടങ്ങൾ

## ആത്മാർത്ഥ

ഒരു സ്ഥലത്ത് തക്കുടു എന്ന പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു.അവനു ചേച്ചിയും ഉണ്ടായിരുന്നു.അവന്റെ ചേച്ചിക്ക് കാഴ്ച ശക്തിയില്ല . അവർ ദരിദ്രരായിരുന്നു അവർക്ക് അച്ഛനും അമ്മയും ഇല്ലായിരുന്നു അവന്റെ ചേച്ചിക്ക് വയ്യാത്തതു കാരണം ഇവനാണ് ഈ ചെറിയ വീട്ടിലെ ഗൃഹനാഥൻ. ആക്രി സാധനങ്ങൾ പെറുക്കി വിൽക്കല്ലായിരുന്നു അവന്റെ പ്രധാന ജോലി.അതു മാത്രമായിരുന്നു വീട്ടിലെ വരുമാനവും. ഓല്ലമേഞ്ഞോരു വീടായിരുന്നു ഇവന്റേത്. ഇവൻ കുറേ സാധനങ്ങൾ പെറുക്കി വിൽക്കുമ്പോൾ ഒട്ടുമിക്ക കടക്കാരും ഇവനെ പറ്റിക്കും.അതൊന്നും അവൻ അത്രകാര്യമാക്കാറില്ല. കിട്ടുന്ന കാശുകൊണ്ട് വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങും. ഒരു ദിവസം ഇവൻ നടക്കുമ്പോൾ ഒരു വണ്ടിയിൽ നിന്ന് ഒരു ചേട്ടന്റെ 1000 രൂപ പോയി, അതു അവനു കിട്ടി. ആ ചേട്ടൻ അതു കണ്ടില്ല. പക്ഷേ, തക്കുടു നല്ല അത്മാർത്ഥയുള്ളവനാണ്. അതുകൊണ്ട് കാറിനു പിന്നാലെ കുറെ ഓടി. പക്ഷേ, ആ കാർ പോയി. അവൻ വളരെ തളർന്നു. അവൻ അതുകൊണ്ട് വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങാമെന്നു വിചാരിച്ചു നടക്കുകയായിരുന്നു. അങ്ങനെ നടക്കുമ്പോൾ കുറച്ചു കുട്ടികൾ ഫുട്ബോൾ കളിക്കുന്നതുകണ്ടു. അവനത് കുറച്ചു നേരം നോക്കി നിന്നു. അപ്പോൾ തക്കുടുവിന് കളിക്കണമെന്ന് തോന്നി. ചോദിക്കാൻ ചെന്നപ്പോൾ അവർ പറഞ്ഞു"ഇതു പണക്കാരുടെ മക്കൾ കളിക്കുന്ന സ്ഥലമാണ് അതുകൊണ്ട് നിനക്ക് ഇവിടെ കളിക്കാൻ പറ്റില്ല". അതു അവനു വളരെ വിഷമമായി. ഈ ഗ്രൗണ്ടിനു തൊട്ടടുത്ത് ഒരു ചായകടയുണ്ടായിരുന്നു. അതു ഒരു മുത്തശ്ശിയുടേതായിരുന്നു.പെട്ടന്ന് ഒരു

# പട്ടങ്ങൾ

ഫുട്ബോൾ വന്ന് ചായക്കടയിൽ വീണു. അവിടത്തെ ഒരു സെറ്റ് ചായ ഗ്ലാസ് പൊട്ടി.ആ മുത്തശ്ശി അവിടെയിരുന്നു സങ്കടപ്പെട്ടു.തക്കുടു അപ്പോൾ ചെന്നിട്ട് ചോദിച്ച് എന്തുപറ്റി.മേനേ എന്റെ കടയുടെ ആകെ സംമ്പാദ്യമാണ് ഈ ഗ്ലാസുകൾ പൊട്ടി . അപ്പോൾ അവനു ഒരു ബുദ്ധി തോന്നി .അവൻ പറഞ്ഞു മിുത്തശ്ശി പേടിക്കണ്ട മുത്തശ്ശിക്ക് ഞാൻ മടക്കിതരാം. എന്നിട്ട് തൊട്ടടുത്ത കടയിൽ നിന്ന് ഒന്നിനു പകരം രണ്ടു സെറ്റ് ഗ്ലാസുകൾ വാങ്ങി കൊടുത്തു .ആ മുത്തശ്ശി അവനെ അനുഗ്രഹിച്ചു എന്നിട്ട് മുത്തശ്ശിപറഞ്ഞു മോനെ വളരെ നന്ദിയുണ്ട് ഈ തലമുറയിൽ സൻമനസ്സും ആത്മാർതഥയുമുള്ള കുട്ടികൾ ഉണ്ടാകില്ല തക്കുടു പറഞ്ഞു അതിന്റെ ഒന്നും ആവശ്യംമില്ല ഈ കാശ് എനിക്കു കളഞ്ഞു കിട്ടിയതാണ് . ഇതു എനിക്കു വേണ്ടി ഉപയോഗിച്ചാൽ അത് തെറ്റാണ് . അത് ദൈവത്തിനെതിരാണ് . അവന്റെ കണ്ണുകൾ ജ്വലിക്കുന്നുണ്ടായിരുന്നു.

sanjay. v.s 9D



# പട്ടങ്ങൾ

## OUR MUSIC BAND








# പട്ടങ്ങൾ

## our budding artists

















# പട്ടങ്ങൾ


Traditional
By Shyjus IXC



22
25


AVENGERS
7592024925
NIRmal NB



# പട്ടങ്ങൾ

## our budding artists





# പട്ടങ്ങൾ

PREPARED BY LITTLE KITES

H S ARIMPUR UNIT

ASWIN K.S

ASWIN K

RICHARD K JAISON

JEEVAN JOHN V.L

JOHN JEES V.L

SAMUEL K ANTO

VISMAYA P.P

MITHRAVINDAN

Thanks to all

